# ഗിഫ്റ്റിന്റെ മൂല്യം വിലയിലല്ല

**എത്ര വിലയുണ്ട് എന്നു നോക്കിയല്ല സമ്മാനത്തിന്റെ മൂല്യം നിശ്ചയിക്കേണ്ടത്. എത്ര ചെറിയ സമ്മാനമാണെങ്കിലും അത് സ്നേഹത്തോടെ നൽകുക എന്നതാണ് പ്രധാനം. സമ്മാനങ്ങൾ നൽകുമ്പോഴും വാങ്ങുമ്പോഴും ഓർക്കേണ്ടത്**



**സന്ധ്യാറാണി**
ചൈൽഡ് & ഫാമിലി കൗൺസലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
9387613503
www.consolace.com

സ്നേഹത്തിന്റെ അടയാളങ്ങളാണ് സമ്മാനങ്ങൾ. വർണ്ണക്കടലാസുകൾ കൊണ്ട് അലങ്കരിച്ച ആ പൊതി തുറക്കുമ്പോൾ കിട്ടുന്നതെന്തു തന്നെയായാലും അത് നൽകിയ ആൾക്ക് നിങ്ങളോടുള്ള സ്നേഹവും കരുതലുമാണ് തെളിയിക്കുന്നത്. ക്രിസ്മസ്, ന്യൂ ഇയർ തുടങ്ങിയ വിശേഷദിനങ്ങളിൽ സമ്മാനങ്ങൾ കൈമാറുന്നത് പാശ്ചാത്യരുടെ ഇടയിൽ പതിവാണെങ്കിലും ഇന്ത്യയിൽ ഇതിന് അത്ര പ്രചാരം കൈവന്നിട്ടില്ല. പക്ഷേ, ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിൽ സമ്മാനങ്ങൾക്ക് വലിയൊരു പങ്കുണ്ടെന്നതാണ് യാഥാർ ത്ഥ്യം.

പിറന്നാളിനും പുതുവർഷത്തിനും വിവാഹവാർഷികത്തിനും മറ്റ് ആഘോഷങ്ങൾക്കുമെല്ലാം നൽകുന്ന സമ്മാനങ്ങൾ സന്തോഷം മാത്രമല്ല തരുന്നത്, പകരം ബന്ധങ്ങളുടെ കാണാച്ചരടുകൾക്ക് കൂടുതൽ കരുത്തു പകരുകയാണ്.





## സ്വാർത്ഥത വേണ്ട

സ്വാർത്ഥലക്ഷ്യങ്ങളില്ലാതെ സമ്മാനങ്ങൾ നൽകുമ്പോൾ ഒരു വ്യക്തിയുടെ മാനസികാരോഗ്യം കൂടിയാണ് മെച്ചപ്പെടുന്നതെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സമ്മാനം നൽകുമ്പോൾ നാം യഥാർത്ഥത്തിൽ മറ്റൊരാളെ സന്തോഷിപ്പിക്കുകയാണ് ചെയ്യുന്നത്. തിരിച്ചൊന്നും പ്രതീക്ഷിക്കാതെ മറ്റൊരാൾക്ക് സന്തോഷം പകർന്നു നൽകുമ്പോൾ അത് നമ്മളിൽ പോസിറ്റീവ് എനർജി കൊണ്ടുവരുമെന്ന് ഉറപ്പാണല്ലോ.

പിറ്റേന്ന് ക്രിസ്മസാണ്. ജിമ്മിനുള്ള സമ്മാനം വാങ്ങിച്ചിട്ടില്ല. മന:പൂർവമല്ല, കയ്യിൽ പണമുണ്ടായിട്ടു വേണ്ടേ. ഡെല്ല കണ്ണാടിയുടെ മുൻപിൽ നിന്നു. ഒരു നിമിഷം അവളുടെ കണ്ണുകൾ തിളങ്ങി. മുട്ടോളമെത്തുന്ന തവിട്ടു നിറത്തിലുള്ള മനോഹരമായ മുടി അവൾ അഴിച്ചിട്ടു. പെട്ടന്നു വേഷം മാറി പുറത്തിറങ്ങി. തിരിച്ചെത്തുമ്പോൾ അവളുടെ പക്കൽ ഒരു പ്ലാറ്റിനം ചെയിനുണ്ടായിരുന്നു. ജിമ്മിന് പാരമ്പര്യമായി കിട്ടിയ, അവൻ നിധി പോലെ സൂക്ഷിക്കാറുള്ള

**സമ്മാനം നൽകുമ്പോൾ മറ്റൊരാൾക്ക് സന്തോഷമാണ് സമ്മാനിക്കുന്നത്**

വാച്ചിന് ഈ ചെയിനിലും നല്ലൊന്ന് കിട്ടാനില്ലെന്ന് അവൾ വിശ്വസിച്ചു. മുടി വിറ്റു കിട്ടിയ പണം കൊണ്ട് പട്ടണത്തിലെ കടകളിൽ മുഴുവൻ അലഞ്ഞാണ് അവൾ അതു വാങ്ങിച്ചത്. പതിവു പോലെ ജിം വന്നു. കയ്യിൽ അവൾക്കുള്ള ക്രിസ്മസ് സമ്മാനം ഉണ്ട്. മുടിയില്ലാത്ത ഡെല്ലയെ കണ്ട് ജിം വല്ലാതായി. തനിക്കു വേണ്ടി അവൾ മുടി വിറ്റെന്നറിഞ്ഞപ്പോൾ നിർവചിക്കാൻ കഴിയാത്ത വികാരത്തോടെ അവൻ താൻ കൊണ്ടു വന്ന സമ്മാനപ്പൊതി ഡെല്ലയ്ക്കു നൽകി. വിലപിടിപ്പുള്ള ചീർപ്പുകളുടെ ഒരു സെറ്റായിരുന്നു അതിനുള്ളിൽ. തിളങ്ങുന്ന മുത്തുകൾ പിടിപ്പിച്ച ആ ചീർപ്പുകൾ കടയിൽ കാണുമ്പോഴൊക്കെ ഡെല്ല കൊതിയോടെ നോക്കി നിൽക്കുമായിരുന്നു. ''സാരമില്ല, എന്റെ മുടി പെട്ടെന്നു വളരും'' -സങ്കടം മറച്ചു വച്ചു കൊണ്ട് ഡെല്ല പറഞ്ഞു. അവൾ തന്റെ സമ്മാനമായ ചെയിൻ പുറത്തെടുത്തു. അത് അണിയാനായി ജിമ്മിനോട് വാച്ച് ആവശ്യപ്പെട്ടു. അവൻ നിശബ്ദനായി വീട്ടിലെ പഴഞ്ചൻ ചാരുകസേരയിൽ ഇരുന്നു. പിന്നെ പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു -തത്കാലം നമുക്ക് ഈ സമ്മാനങ്ങളെ കുറിച്ചു മറക്കാം. നീ ഭക്ഷണം വിളമ്പൂ, നിനക്ക് ചീർപ്പ് സെറ്റ് വാങ്ങുവാനായി ഞാൻ വാച്ച് വിറ്റു''.

സ്നേഹത്തിന്റെ ആഴത്തെപ്പറ്റി ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നതാണ് അമേരിക്കൻ എഴുത്തുകാരനായ ഒ. ഹെന്റിയുടെ വിഖ്യാതമായ ഈ കഥ. സമ്മാനങ്ങളുടെ രൂപത്തിൽ സ്നേഹം കൈമാറിയപ്പോൾ ഇരുവർക്കും അതിന്റെ തീവ്രത നേരിട്ട് അനുഭവിക്കാനായി എന്നതാണ് വസ്തുത.



## സ്വയം തയ്യാറാക്കാം

സമ്മാനങ്ങൾ പണം മുടക്കി വാങ്ങണമെന്നില്ല. അല്പം ക്രിയേറ്റിവിറ്റി ഉണ്ടെങ്കിൽ സ്വന്തം ആശയങ്ങൾ സമ്മാനമാക്കി മാറ്റാം. കാർഡോ ചിത്രമോ പൂക്കളോ അങ്ങനെ നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ച് എന്തുമാകാം. യാത്ര പോയപ്പോഴത്തെ പ്രിയപ്പെട്ട നിമിഷങ്ങൾ ഉപയോഗിച്ച് ഒരു വീഡിയോ നിർമ്മിച്ചു നൽകൂ. അത് വീണ്ടുമൊരു യാത്ര പോയ അനുഭവം തന്നെ സമ്മാനിച്ചേക്കാം. ഭർത്താവ് ഹോട്ടലിൽ പോകുമ്പോൾ സ്ഥിരമായി ഓഡർ ചെയ്യുന്ന വിഭവത്തിന്റെ റെസിപ്പി സംഘടിപ്പിച്ച് അത് പാകം ചെയ്തു നൽകാം. അല്പം കൂടി സമയം ചെലവഴിക്കാമെന്നുണ്ടെങ്കിൽ ഒരു കാൻഡിൽ ലൈറ്റ് ഡിന്നർ തന്നെ വീട്ടിൽ ഒരുക്കാം. ഇതാണ് ഞാൻ പ്ലാൻ ചെയ്ത സമ്മാനം എന്ന് അഭിമാനപൂർവം പറയാം.

സമ്മാനങ്ങൾ നൽകുമ്പോഴും സ്വീകരിക്കുമ്പോഴും നാം ചില കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്.

### മാനസിക പിരിമുറുക്കം വേണ്ട

ഒ. ഹെന്റിയുടെ കഥ വായിക്കുമ്പോൾ സമ്മാനം വാങ്ങിക്കുന്നതിനു മുൻപ് ഡെല്ല അനുഭവിച്ച മാനസികപിരിമുറുക്കം എത്രത്തോളമാണെന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയും.

നമ്മളിൽ പലരും പലപ്പോഴും ഇതേ അവസ്ഥയിലൂടെ കടന്നുപോയിട്ടുണ്ടാകാം. ഏറ്റവും സ്നേഹിക്കുന്ന ഒരാൾക്ക് ആഗ്രഹിച്ച ഒരു സമ്മാനം നൽകാൻ കഴിയാതെ പോയ സാഹചര്യം. ഇവിടെ പണം കണ്ടെത്താൻ വേണ്ടി ഡെല്ല അവൾക്കേറ്റവും പ്രിയപ്പെട്ട മുടി വിൽക്കുന്നു. സമ്മാനത്തിന് പണം തികയാതെ വരുമ്പോൾ കടംവാങ്ങുന്നതും എന്തെങ്കിലും വിറ്റ് ആ പണം കണ്ടെത്താൻ ശ്രമിക്കുന്നതുമെല്ലാം പതിവാണ്.

### പോക്കറ്റിന് ഇണങ്ങുന്നതു മതി

വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ ആഘോഷവേളകളിൽ സമ്മാനം നൽകുന്നത് പലർക്കും ഒരു സ്റ്റാറ്റസ് സിംബലാണ്. അവർ ഇത്ര പവൻ നൽകി, നമ്മൾ ഇതേ കൊടുത്തുള്ളൂ എന്നിങ്ങനെയുള്ള താരതമ്യങ്ങളും സാധാരണമാണ്. ഇത് വ്യക്തികളിൽ മാനസികപിരിമുറക്കത്തിന് കാരണമാകും. ആഘോഷം എന്തുമാകട്ടെ, നിങ്ങളുടെ പോക്കറ്റിന് ഇണങ്ങുന്ന സമ്മാനം മാത്രം വാങ്ങുക എന്ന നയമാണ് സ്വീകരിക്കേണ്ടത്. വലിയൊരു തുക കടം വാങ്ങി സമ്മാനം നൽകിയതുകൊണ്ടു മാത്രം ആ വ്യക്തിക്ക് നിങ്ങളോടു കൂടുതൽ സ്നേഹം തോന്നണമെന്നില്ല. സമ്മാനത്തിനുള്ള പണം നിങ്ങൾ എങ്ങനെ കണ്ടെത്തി എന്നത് അവർ ചിന്തിക്കുകയോ അന്വേഷിക്കുകയോ ചെയ്യണമെന്നില്ല.

**പോക്കറ്റിന് ഇണങ്ങുന്ന സമ്മാനം തെരഞ്ഞെടുത്താൽ മതി**

സമ്മാനം നൽകിയവരുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തി വച്ച് അത് തിരികെ നൽകണമെന്ന് നിർബന്ധബുദ്ധി കാണിക്കുന്ന ഒരു വിഭാഗം ആളുകളുണ്ട്. തിരിച്ചെന്തെങ്കിലും കിട്ടും എന്ന പ്രതീക്ഷയിൽ സമ്മാനം നൽകുന്നവരും ഉണ്ട്. എന്നാൽ, സ്വാർത്ഥതാത്പര്യങ്ങളോടു കൂടിയ ഇത്തരം സമ്മാനങ്ങൾ മാനസികപിരിമുറുക്കം വർദ്ധിപ്പിക്കുകയേ ഉള്ളൂ.

### ഇഷ്ടപ്പെടില്ലെന്ന് ചിന്തിക്കേണ്ട

കയ്യിൽ പണം ഉണ്ടായാൽ പോലും സമ്മാനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ മാനസികപിരിമുറുക്കം അനുഭവിക്കുന്ന ഒരു വിഭാഗം ആളുകളുണ്ട്. എന്തു വാങ്ങണം എന്ന ചിന്തയാണ് അവരെ വിഷമിപ്പിക്കുക. കിട്ടുന്നയാൾക്ക് സമ്മാനം ഇഷ്ടപ്പെട്ടില്ലെങ്കിലോ എന്നാണ് അവരുടെ പേടി. എന്നാൽ, ഇങ്ങനെ വിഷമിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. നിങ്ങൾ സ്നേഹത്തോടെ ഒരു സമ്മാനം നൽകുമ്പോൾ അത് എന്തു തന്നെ ആയാലും സ്നേഹത്തോടെ സ്വീകരിക്കുന്നവരാണ് നിങ്ങളുടെ യഥാർത്ഥ സ്നേഹിതർ. ഡെല്ലയും ജിമ്മും തിരഞ്ഞെടുത്ത സമ്മാനങ്ങൾ ഇരുവർക്കും താത്കാലികമായെങ്കിലും ഉപകാരപ്പെടാത്തതായിരുന്നു. ആ സമയത്ത് പരസ്പരം കുറ്റപ്പെടുത്തുന്നതിനു പകരം ഇരുവരും ഉള്ളിലെ സ്നേഹം തിരിച്ചറിയുകയാണുണ്ടായത്. നിസ്വാർത്ഥമായാണ് ഇരുവരും സമ്മാനങ്ങൾ തിരഞ്ഞെടുത്തത്. നിങ്ങളും അങ്ങനെ തന്നെയാവണം സമ്മാനങ്ങൾ തിരഞ്ഞെടുക്കേണ്ടത്.

## വിലയിലല്ല കാര്യം

എത്ര വിലയുണ്ട് എന്ന് നോക്കിയല്ല സമ്മാനത്തിന്റെ മൂല്യം നിശ്ചയിക്കേണ്ടത്. എത്ര ചെറിയ സമ്മാനമാണെങ്കിലും അത് സ്നേഹത്തോടെ നൽകുക എന്നതാണ് പ്രധാനം. അതിലൂടെ നിങ്ങളുടെ കരുതലും സ്നേഹവും പങ്കാളി തിരിച്ചറിയും. തിരക്കു മൂലം വിവാഹവാർഷിക ദിനം, പിറന്നാൾ തുടങ്ങിയവ മറന്നു പോകുന്നവരുണ്ട്. എന്നാൽ, ഇത് നിങ്ങളുടെ പങ്കാളിയെ വിഷമിപ്പിച്ചേക്കാം. എല്ലാം ഞാൻ മാത്രം ഓർത്തിരിക്കുന്നു എന്ന തോന്നൽ അവരുടെ ഉള്ളിൽ വളരാൻ ഇടയാകരുത്. നിങ്ങൾ സ്ഥലത്ത് ഇല്ലെങ്കിൽ സുഹൃത്തുക്കളോ വീട്ടുകാരോ മുഖാന്തരം ഒരു സമ്മാനം എത്തിച്ചു നൽകുന്നത് അവരെ എത്ര സന്തോഷിപ്പിക്കുമെന്ന് ഓർത്തു നോക്കൂ.

സമ്മാനങ്ങൾ കൊടുക്കും മുൻപ് നിർബന്ധമായും അതിന്റെ വില പതിപ്പിച്ച സ്റ്റിക്കർ എടുത്തു മാറ്റാൻ ശ്രദ്ധിക്കുക. കടയിൽ നിന്നു തന്നെ അതു നീക്കം ചെയ്തു എന്ന് ഉറപ്പു വരുത്തിയതിന് ശേഷമേ പായ്ക്ക് ചെയ്യാവൂ. നിങ്ങൾ കൊടുക്കുന്ന സമ്മാനം എത്ര വിലപിടിച്ചതോ വിലകുറഞ്ഞതോ ആകട്ടെ, ഒരിക്കലും പണത്തിന്റെ മൂല്യത്തിന്റെ പേരിൽ അതിനെ വിലയിരുത്തപ്പെടാൻ ഇട വരുത്തരുത്.

**പല വീടുകളിലും ഷോകെയ്സിൽ പൊടി പിടിച്ച് ഉപയോഗമില്ലാതെ സമ്മാനങ്ങൾ ഇരിക്കും**

## ആവശ്യം അറിയാം

സമ്മാനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അത് ഉപകാരപ്രദമായ എന്തെങ്കിലുമായാൽ ഏറെ നല്ലത്. പല വീടുകളിലും ഷോകെയ്സിൽ പൊടിയിൽ കുളിച്ചിരിക്കുന്നുണ്ടാകും സമ്മാനങ്ങൾ. നിത്യജീവിതത്തിൽ ഉപകാരപ്പെടുന്ന എന്തെങ്കിലും നൽകിയാൽ ഈ പ്രശ്നം ഒഴിവാക്കാം. സമ്മാനം വാങ്ങാൻ ഇറങ്ങും മുൻപ് ആലോചിച്ചു നോക്കൂ. ഓഫീസിൽ കൊണ്ടു പോകാൻ ഒരു പുതിയ ഹാൻഡ് ബാഗ് വേണമെന്ന് അവൾ പറഞ്ഞിരുന്നോ? എങ്കിൽ അതു തന്നെയാകാം ഇത്തവണത്തെ സമ്മാനം.

ഒരുമിച്ച് കടയിൽ പോയി ഏതുതരം ബാഗാണ് അവൾക്ക് ഇഷ്ടപ്പെടുന്നതെന്ന് അറിഞ്ഞു വയ്ക്കാം. പിന്നീട് അതു വാങ്ങി ഒരു സർപ്രൈസ് ഗിഫ്റ്റായി നൽകാം.

## വാശിക്കു വഴങ്ങരുത്

കുട്ടികൾ പലപ്പോഴും അവർക്കിഷ്ടപ്പെട്ട സാധനങ്ങൾ സമ്മാനമായി വേണമെന്നു വാശിപിടിച്ചേക്കാം. പല രക്ഷിതാക്കളും എങ്ങനെയെങ്കിലും അവർ ആവശ്യപ്പെട്ടതു തന്നെ നൽകാൻ ശ്രദ്ധിക്കാറുമുണ്ട്. പക്ഷേ, ഇത് കുട്ടികളിൽ തെറ്റായ പ്രവണത സൃഷ്ടിക്കും. വാശി പിടിച്ചാൽ





# ഇഷ്ടമായില്ലെങ്കിലും കുറ്റം പറയരുത്

സമ്മാനങ്ങൾ കൊടുക്കുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് അത് എങ്ങനെ സ്വീകരിക്കണമെന്നതും. സമ്മാനങ്ങളെ ഒരിക്കലും വിലകുറച്ച് കാണരുത്. സമ്മാനത്തിനല്ല, അതു തരാൻ കാണിച്ച മനസ്സിനായിരിക്കണം നിങ്ങൾ വിലയിടേണ്ടത്. ഭംഗിയില്ല, നിറം കൊള്ളില്ല, ഇതെവിടുന്നെങ്കിലും വെറുതെ കിട്ടിയതാണോ എന്നിങ്ങനെ സമ്മാനങ്ങൾ കൈയിൽ കിട്ടിയാലുടൻ കുറ്റം പറയുന്നവരുണ്ട്. ഒരു പക്ഷേ, സമ്മാനം നിങ്ങൾക്ക് ഇഷ്ടമുള്ളതോ പ്രതീക്ഷിച്ചതോ നിങ്ങളുടെ അഭിരുചിക്ക് ഇണങ്ങിയതോ ആകണമെന്നില്ല. എങ്കിലും നിറഞ്ഞ ചിരിയോടെ അത് സ്വീകരിക്കുക. തന്നെ ഓർമിച്ചതിനും തനിക്കു വേണ്ടി എന്തെങ്കിലും വാങ്ങിയതിനും നന്ദി പറയുക. കാരണം, ആ വ്യക്തിയുടെ അനേക ദിവസത്തെ ആലോചനയുടെയും അന്വേഷണത്തിന്റെയും ഫലമായിരിക്കാം വർണക്കടലാസിൽ പൊതിഞ്ഞ് നിങ്ങളുടെ കൈയിൽ ഇരിക്കുന്നത്.

**ആഘോഷങ്ങളിൽ പുതുമ നിറയ്ക്കാൻ ശ്രമിക്കണം**

എന്തും കിട്ടും എന്ന ചിന്ത അവരിൽ വളർന്നേക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ അവരുടെ വാശിക്കു വഴങ്ങുന്നതിനു പകരം പണത്തിന്റെ മൂല്യത്തെ പറ്റി പറഞ്ഞു മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്. അവർ ആവശ്യപ്പെട്ട സമ്മാനം ഒരിക്കലും വാങ്ങിക്കൊടുക്കില്ല എന്നു പറയുന്നതിനു പകരം അതിന് ആവശ്യമായ പണം കണ്ടെത്താൻ ഇത്ര കാലം വേണമെന്നു പറയാം. ചെറിയ സമ്മാനങ്ങൾ ലഭിക്കുമ്പോൾ പോലും അതിലെ സ്നേഹം തിരിച്ചറിയാൻ അവരെ പഠിപ്പിക്കാൻ കഴിഞ്ഞാൻ നിങ്ങൾ വിജയിച്ചു.

## പുതുമയാകാം

അന്നു റാണിയുടെ പിറന്നാളായിരുന്നു. രാത്രി പന്ത്രണ്ടു മണിയായപ്പോൾ മെഴുകുതിരി വെളിച്ചത്തിൽ ഒരു കേക്ക് അവളുടെ മുന്നിലേയ്ക്കു വന്നു. ഹാപ്പി ബർത്ത്ഡേ ഗാനവുമായി അരികിൽ ഭർത്താവ്. എണീറ്റു. കേക്കു മുറിച്ചു. ഇരുവരും ഉറങ്ങി. വർഷങ്ങളായി ഇത് ശീലമായിരുന്നതിനാൽ റാണി അതുവരെ ഉറക്കം നടിച്ചു കിടക്കുകയായിരുന്നു. ഒരിക്കലും പിറന്നാളുകൾ ഇങ്ങനെ ആകരുത്. എന്തെങ്കിലും വ്യത്യസ്തത കൊണ്ടുവരാൻ ശ്രമിക്കുക. മുറ്റത്തെ പൂന്തോപ്പിൽ നിറയെ മെഴുകുതിരികൾ കത്തിച്ചു വയ്ക്കാം. അലങ്കരിച്ച ടേബിളിൽ കേക്കും. നക്ഷത്രങ്ങളേയും ചന്ദ്രനേയും സാക്ഷിയാക്കി മധുരം പങ്കിട്ടു കഴിക്കാം.

ആഘോഷങ്ങൾക്ക് എക്കാലവും ഒരേ മുഖമായാൽ മടുപ്പും വിരസതയും അനുഭവപ്പെടും. പുതുമയുടെ എന്തെങ്കിലുമൊരു അംശം കൊണ്ടുവരാൻ ശ്രമിച്ചു നോക്കൂ, എക്കാലവും അത് ഓർമ്മയിൽ നിൽക്കുന്നതായി കാണാം.

## പരിധി വിടരുത്

ഇതിനൊരു മറുവശവും ഉണ്ട്. 'ശരിക്കും ഞെട്ടിക്കണം' എന്നു ചിന്തിച്ചു കൊണ്ട് സമ്മാനം തിരഞ്ഞെടുക്കുന്ന ഒരു വിഭാഗം ആളുകളുണ്ട്. പണ്ടൊക്കെ സാമ്പാറു കഷ്ണവും കല്ലും മണ്ണും ഒക്കെ സമ്മാനപ്പെട്ടിയിൽ നിറച്ചാണ് പറ്റിച്ചിരുന്നതെങ്കിൽ ഇന്ന് വിപണി അനന്തസാധ്യതകളാണ് തുറന്നു തരുന്നത്. ആഘോഷം പ്ലാൻ ചെയ്യുന്നതു മുതൽ സമ്മാനത്തിൽ വരെ സർപ്രൈസുകളുടെ പൂരം. പലപ്പോഴും അതു ലഭിക്കുന്ന ആളുടെ മാനസികാവസ്ഥയെ കുറിച്ച് ഇക്കൂട്ടർ തെല്ലും ചിന്തിക്കാറില്ലെന്നതാണ് സത്യം. ചെറിയ സൗന്ദര്യപിണക്കങ്ങൾ തുടങ്ങി വലിയ അപകടങ്ങൾക്കു വരെ വഴി വച്ചേക്കാം ഈ സർപ്രൈസുകൾ.

മലബാർ കല്യാണത്തിൽ ചെക്കനും പെണ്ണിനും പണികൊടുക്കാനായി സുഹൃത്തുക്കൾ കാട്ടിക്കൂട്ടുന്ന കോലാഹലങ്ങൾ



തന്നെയാണ് ഇതിന് ഉദാഹരണം. ആഘോഷം കൊഴുപ്പിക്കാൻ ഉദ്ദേശിച്ചു ചെയ്തത് കൂട്ടത്തല്ലിൽ വരെ കലാശിക്കുന്നത് നാം പത്രങ്ങളിൽ വായിക്കുന്നു. അതുകൊണ്ടു തന്നെ ആഘോഷവേളകളിൽ സർപ്രൈസ് ആകാം; പക്ഷേ, പരിധി ലംഘിക്കരുത്.

## ബന്ധങ്ങൾ ഉറപ്പിക്കാം

ബന്ധങ്ങൾ ഉറപ്പിച്ചു നിർത്തുന്നതിൽ സമ്മാനങ്ങൾക്കുള്ള പങ്ക് വലുതാണ്. അടുത്തസുഹൃത്തിന്റെ വിവാഹവാർഷിക ആഘോഷത്തിലേക്ക് നിങ്ങൾക്ക് ക്ഷണം കിട്ടി. പക്ഷേ, ആ ദിനം മറ്റൊരു അത്യാവശ്യ കാര്യത്തിനായി നാട്ടിൽ നിന്ന് വിട്ടു നിൽക്കേണ്ടി വന്നു. നിങ്ങളുടെ അസാന്നിധ്യം സുഹൃത്തും കുടുംബവും ശ്രദ്ധിക്കും. അതേസമയം ആ ചടങ്ങിലേക്ക് നിങ്ങൾ ഒരു സമ്മാനം എത്തിക്കുന്നുവെന്ന് കരുതുക. നിങ്ങൾ മന:പൂർവം ചടങ്ങിന് വരാതിരുന്നതല്ലെന്ന് സുഹൃത്തിന് ബോധ്യപ്പെടും. ആ ചടങ്ങ് ഓർത്തിരുന്ന് സമ്മാനം എത്തിച്ചതിലൂടെ നിങ്ങളുടെ മനസ്സിൽ അവർക്കുള്ള സ്ഥാനവും സ്നേഹവും അവർ മനസ്സിലാക്കും.

**സമ്മാനങ്ങൾ നൽകുമ്പോഴുള്ള കരുതലും സ്നേഹവും സ്വീകരിക്കുമ്പോഴും നിലനിർത്തണം**

ഇത്തരത്തിൽ നിങ്ങൾ സ്ഥലത്തില്ലെങ്കിൽ പോലും സമ്മാനങ്ങൾ കൃത്യമായി വീട്ടിലെത്താൻ ഓൺലൈൻ വിപണിയെ ആശ്രയിക്കാം. പല ഓൺലൈൻ വ്യാപാരസൈറ്റുകളും നിങ്ങൾ ആവശ്യപ്പെടുന്ന പക്ഷം ഗിഫ്റ്റ് റാപ്പിൽ പൊതിഞ്ഞ് സാധനങ്ങൾ കൃത്യ ദിവസം വീട്ടിൽ എത്തിക്കുന്നതാണ്. കേക്കുകളും ഇത്തരത്തിൽ ഓൺലൈൻ വഴി ഓഡർ ചെയ്യാം. സർപ്രൈസായി എത്തുന്ന ഇത്തരം സമ്മാനങ്ങൾ നിങ്ങളുടെ പ്രിയപ്പെട്ടവരെ സന്തോഷിപ്പിക്കും. ദൂരെയാണെങ്കിലും നിങ്ങൾ അവരെ ഓർമ്മിക്കുന്നുവെന്നും സ്നേഹിക്കുന്നുവെന്നും ഉള്ള തോന്നൽ അവരിൽ നിറയും.

## സ്വീകരിക്കുന്നതിലും കാര്യമുണ്ട്

സമ്മാനങ്ങൾ നൽകാൻ കാണിക്കുന്ന അതേ കരുതലും സ്നേഹവും സമ്മാനങ്ങൾ സ്വീകരിക്കുമ്പോഴും നിലനിർത്താൻ ശ്രദ്ധിക്കണം. ഉദാഹരണത്തിന്, നിങ്ങളുടെ പിറന്നാളിന് ഓഫീസിലെ രണ്ടു കൂട്ടുകാർ സമ്മാനങ്ങൾ നൽകി. ഒരു ഷർട്ടായിരുന്നു അതിലൊന്ന്. അതിന്റെ നിറം നിങ്ങൾക്ക് തീരെ ഇഷ്ടമായില്ല. രണ്ടാമത്തെ സമ്മാനം ഒരു പേഴ്സായിരുന്നു. കാണാൻ ഭംഗിയുണ്ട്. ഒരു പുതിയ പേഴ്സ് വാങ്ങണമെന്ന് ആഗ്രഹിച്ചിരിക്കുമ്പോഴാണ് ഇത് കിട്ടുന്നത്. സ്വാഭാവികമായും രണ്ടാമത്തെ സമ്മാനമാണ് നിങ്ങൾക്ക് ഇഷ്ടപ്പെടുക. എന്നാൽ, ഒരിക്കലും അക്കാര്യം ഇരുവരുടേയും മുന്നിൽ വച്ച് പറയരുത്. ഇതിൽ



ആദ്യത്തെ ആൾക്ക് നിങ്ങളോട് സ്നേഹക്കുറവൊന്നും ഉണ്ടാകില്ല. പക്ഷേ, നിങ്ങളുടെ അഭിരുചിക്ക് ഇണങ്ങുന്ന ഒരു സമ്മാനം തിരഞ്ഞെടുക്കാൻ അയാൾക്കു കഴിയാതെ പോയി എന്നേയുള്ളൂ. രണ്ടു പേരുടേയും മുന്നിൽ വച്ച് ഇക്കാര്യം സംസാരിച്ചാൽ അത് ആദ്യത്തെയാളെ വേദനിപ്പിക്കും. നിങ്ങളോടുള്ള സൗഹൃദത്തിൽ വിള്ളൽ വീഴാൻ വരെ ഇത് കാരണമാകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സമ്മാനം, അത് എല്ലാവരും സ്നേഹത്തോടെ തരുന്നതാണ്. കുറ്റം കണ്ടെത്താതെ അത് സ്വീകരിക്കുകയാണ് വേണ്ടത്.

## പ്രായപരിധി ഇല്ല

ആഘോഷങ്ങളും സമ്മാനങ്ങളും ഏതുപ്രായക്കാർക്കും ഇഷ്ടമാണെന്ന് മനസ്സിലാക്കണം. "ഓ ഇത്രേം പ്രായമായില്ലേ, ഇനിയെന്ത് ആഘോഷിക്കാനാ" വീട്ടിൽ പ്രായമായ അച്ഛന്റേയോ അമ്മയുടേയോ പിറന്നാൾ വരുമ്പോൾ മക്കളുടെ ചിന്താഗതി ഇതാണ്. ആഘോഷങ്ങളൊന്നും വേണ്ടെന്ന് അച്ഛനും അമ്മയും പറയുമായിരിക്കാം. പക്ഷേ അത് ഒരിക്കലും അവരുടെ ഉള്ളിൽ ആഗ്രഹമില്ലാഞ്ഞിട്ടല്ല.

**സമ്മാനം നൽകൽ വിശേഷ ദിവസങ്ങളിൽ മാത്രമായി ഒതുക്കരുത്**

വെറുതെ ഒരു അനാവശ്യ ചെലവ് എന്തിനാണ് എന്ന മനോഭാവമായിരിക്കാം ചിലപ്പോൾ. അല്ലെങ്കിൽ മക്കളെ വെറുതെ ബുദ്ധിമുട്ടിക്കണ്ട എന്നു കരുതിയിട്ടാവാം. എന്തു തന്നെ ആയാലും സ്വന്തം പിറന്നാൾ ആഘോഷിക്കുന്നതിൽ അവർക്ക് ഉള്ളിന്റെയുള്ളിൽ സന്തോഷം ഉണ്ടാകുമെന്ന് ഉറപ്പാണ്. അങ്ങനെ ഒരു സന്തോഷം അവർക്കു സമ്മാനിക്കേണ്ടത് മക്കളുടെ കടമയാണ്. ഒരു നിമിഷം പിന്നോട്ടു നോക്കുക. നിങ്ങളുടെ എല്ലാ പിറന്നാൾ ദിനങ്ങളും അവർക്ക് കഴിയുന്ന വിധത്തിൽ ആഘോഷിച്ചിട്ടില്ലേ. പായസമോ പുത്തനുടുപ്പോ ഒക്കെ നൽകിയിട്ടുണ്ടാവും. ആ സന്തോഷം തിരിച്ചു നൽകേണ്ടത് നിങ്ങളുടെ ചുമതലയല്ലേ?

## വിശേഷ ദിവസങ്ങളിൽ മാത്രമാക്കണ്ട

പിറന്നാൾ, വിവാഹവാർഷികം, ക്രിസ്മസ്, ന്യൂ ഇയർ തുടങ്ങിയ വിശേഷ ദിവസങ്ങളിൽ മാത്രമേ സമ്മാനങ്ങൾ നൽകാവൂ എന്നില്ല. ഒരു ദിവസം നിങ്ങൾ ഓഫീസിൽ നിന്ന് മടങ്ങിയെത്തുന്നത് കയ്യിലൊരു സമ്മാനപ്പൊതിയുമായാണെന്നിരിക്കട്ടെ. അതിനുള്ളിൽ എത്ര ചെറിയ സമ്മാനമാണെങ്കിലും ഭാര്യയ്ക്കു സന്തോഷമാകുമെന്ന് ഉറപ്പാണ്. ആ ദിവസം അങ്ങനെയൊരു സമ്മാനം ലഭിക്കുമെന്ന് അവർ ഒട്ടും പ്രതീക്ഷിച്ചിട്ടുണ്ടാകില്ല. നിങ്ങളുടെ സ്നേഹത്തിന്റെ പ്രതീകമായാണ് അവർ ആ സമ്മാനത്തെ കരുതുക.



ആദ്യത്തെ ആൾക്ക് നിങ്ങളോട് സ്നേഹക്കുറവൊന്നും ഉണ്ടാകില്ല. പക്ഷേ, നിങ്ങളുടെ അഭിരുചിക്ക് ഇണങ്ങുന്ന ഒരു സമ്മാനം തിരഞ്ഞെടുക്കാൻ അയാൾക്കു കഴിയാതെ പോയി എന്നേയുള്ളൂ. രണ്ടു പേരുടേയും മുന്നിൽ വച്ച് ഇക്കാര്യം സംസാരിച്ചാൽ അത് ആദ്യത്തെയാളെ വേദനിപ്പിക്കും. നിങ്ങളോടുള്ള സൗഹൃദത്തിൽ വിള്ളൽ വീഴാൻ വരെ ഇത് കാരണമാകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സമ്മാനം, അത് എല്ലാവരും സ്നേഹത്തോടെ തരുന്നതാണ്. കുറ്റം കണ്ടെത്താതെ അത് സ്വീകരിക്കുകയാണ് വേണ്ടത്.

## പ്രായപരിധി ഇല്ല

ആഘോഷങ്ങളും സമ്മാനങ്ങളും ഏതുപ്രായക്കാർക്കും ഇഷ്ടമാണെന്ന് മനസ്സിലാക്കണം. "ഓ ഇത്രേം പ്രായമായില്ലേ, ഇനിയെന്ത് ആഘോഷിക്കാനാ" വീട്ടിൽ പ്രായമായ അച്ഛന്റേയോ അമ്മയുടേയോ പിറന്നാൾ വരുമ്പോൾ മക്കളുടെ ചിന്താഗതി ഇതാണ്. ആഘോഷങ്ങളൊന്നും വേണ്ടെന്ന് അച്ഛനും അമ്മയും പറയുമായിരിക്കാം. പക്ഷേ അത് ഒരിക്കലും അവരുടെ ഉള്ളിൽ ആഗ്രഹമില്ലാഞ്ഞിട്ടല്ല.

**സമ്മാനം നൽകൽ വിശേഷ ദിവസങ്ങളിൽ മാത്രമായി ഒതുക്കരുത്**

വെറുതെ ഒരു അനാവശ്യ ചെലവ് എന്തിനാണ് എന്ന മനോഭാവമായിരിക്കാം ചിലപ്പോൾ. അല്ലെങ്കിൽ മക്കളെ വെറുതെ ബുദ്ധിമുട്ടിക്കണ്ട എന്നു കരുതിയിട്ടാവാം. എന്തു തന്നെ ആയാലും സ്വന്തം പിറന്നാൾ ആഘോഷിക്കുന്നതിൽ അവർക്ക് ഉള്ളിന്റെയുള്ളിൽ സന്തോഷം ഉണ്ടാകുമെന്ന് ഉറപ്പാണ്. അങ്ങനെ ഒരു സന്തോഷം അവർക്കു സമ്മാനിക്കേണ്ടത് മക്കളുടെ കടമയാണ്. ഒരു നിമിഷം പിന്നോട്ടു നോക്കുക. നിങ്ങളുടെ എല്ലാ പിറന്നാൾ ദിനങ്ങളും അവർക്ക് കഴിയുന്ന വിധത്തിൽ ആഘോഷിച്ചിട്ടില്ലേ. പായസമോ പുത്തനുടുപ്പോ ഒക്കെ നൽകിയിട്ടുണ്ടാവും. ആ സന്തോഷം തിരിച്ചു നൽകേണ്ടത് നിങ്ങളുടെ ചുമതലയല്ലേ?

## വിശേഷ ദിവസങ്ങളിൽ മാത്രമാക്കണ്ട

പിറന്നാൾ, വിവാഹവാർഷികം, ക്രിസ്മസ്, ന്യൂ ഇയർ തുടങ്ങിയ വിശേഷ ദിവസങ്ങളിൽ മാത്രമേ സമ്മാനങ്ങൾ നൽകാവൂ എന്നില്ല. ഒരു ദിവസം നിങ്ങൾ ഓഫീസിൽ നിന്ന് മടങ്ങിയെത്തുന്നത് കയ്യിലൊരു സമ്മാനപ്പൊതിയുമായാണെന്നിരിക്കട്ടെ. അതിനുള്ളിൽ എത്ര ചെറിയ സമ്മാനമാണെങ്കിലും ഭാര്യയ്ക്കു സന്തോഷമാകുമെന്ന് ഉറപ്പാണ്. ആ ദിവസം അങ്ങനെയൊരു സമ്മാനം ലഭിക്കുമെന്ന് അവർ ഒട്ടും പ്രതീക്ഷിച്ചിട്ടുണ്ടാകില്ല. നിങ്ങളുടെ സ്നേഹത്തിന്റെ പ്രതീകമായാണ് അവർ ആ സമ്മാനത്തെ കരുതുക.